# ലൈലത്തുൽ ഖദ്‌റിന്റെ മഹത്വം

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ قَالَ: دَخَلَ رمضانُ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ هَذَا
الشَّهْرَ قَدْ حَضَرَكُمْ وَفِيهِ لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ، مَنْ حُرِمَهَا فَقَدْ حُرِمَ الْخَيْرَ كُلَّهُ، وَلَا يُحْرَمُ
خَيْرَهَا إِلَّا مَحْرُومٌ (رواه إبن ماجه وإسناده حسن صححه العلامة الألباني في صحيح الترغيب).

**അനസുബ്നു മാലിക് (റ) പറയുന്നു: റമദാൻ സമാഗതമായപ്പോൾ ദൈവദൂതൻ അരുളി: "റമദാൻ മാസം നിങ്ങൾക്ക് വന്നണഞ്ഞിരിക്കുന്നു. അതിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ വിധി നിർണയരാവ്-ലൈലത്തുൽ ഖദ്ർ-ഉണ്ട്. അത് നഷ്ടപ്പെട്ടവന് സർവനന്മകളും നഷ്ടപ്പെട്ടു. നിർഭാഗ്യവാനല്ലാതെ അതിന്റെ അനുഗ്രഹം തടയപ്പെടുകയില്ല"** *(പ്രബലമായ (ഹസൻ) പരമ്പരയോടെ ഇബ്നുമാജ ഉദ്ധരിച്ചത്- ശൈഖ് അൽബാനി സ്വഹീഹുത്തർഗീബിൽ പ്രബലമെന്ന് ചേർത്തിട്ടുണ്ട്).*

വിധിനിർണയ രാത്രിയായ ലൈലത്തുൽ ഖദ്‌റിന്റെ മഹത്വം വിവരിക്കുകയാണീ ഹദീസിലൂടെ പ്രവാചകൻ. റമദാൻ മാസത്തിന്റെ വലിയ പ്രത്യേകത അനുഗൃഹീതമായ വിധി നിർണയ രാവ്-ലൈലത്തുൽ ഖദ്ർ-അതിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഇതര നാളുകളിൽ ആയിരം മാസങ്ങൾ കൊണ്ടു ചെയ്യുന്ന ഇബാദത്തുകൾ ആ ഒരൊറ്റ രാവുകൊണ്ടു ചെയ്യുവാൻ കഴിയും. ഒരു പുരുഷായുസിലെ എൺപത്തിമൂന്ന് വർഷത്തിനും നാലു മാസത്തിനും സമാനമാണീ ഒരു രാത്രി. സ്രഷ്ടാവായ അല്ലാഹുവിന്റെ മുമ്പിൽ വിനയാന്വിതനായി നിന്ന് കഴിഞ്ഞ കാല ജീവിതത്തിൽ ചെയ്തുപോയിട്ടുള്ള തെറ്റുകളിൽ നിന്ന് പാപമോചനാർഥന നടത്തിയും തൗബ ചെയ്തും പ്രാർഥിച്ചും അവന് ദിക്റുകൾ ചെയ്തും ഖുർആൻ പാരായണം നടത്തിയും ഖിയാമുല്ലൈൽ നിർവഹിച്ചും ഇഅ്തികാഫ് അനുഷ്ഠിച്ചും നാഥനെ വാഴ്ത്തിയും സ്തുതിച്ചും മഹത്വപ്പെടുത്തിയും ഇബാദത്തുകളിൽ മുഴുകാനുള്ള അസുലഭാവസരമാണ് ലൈലത്തുൽ ഖദ്‌റിന്റെ രാവ്.

ലൈലത്തുൽ ഖദ്‌റിന്റെ മഹത്വം വിവരിക്കുന്ന ധാരാളം നബി വചനങ്ങളുണ്ട്. അവിടുന്ന് അരുളി: ''വിശ്വാസദാർഢ്യത്തോടെയും പ്രതിഫലേഛയോടെയും വിധിനിർണയ രാവിൽ നമസ്കാരം നിർവഹിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്''(ബുഖാരി-മുസ്‌ലിം). ഉബാദത്തുബ്നു സ്വാമിത്തിൽ നിന്ന് നിവേദനം. നബി (സ) അരുളി: ''ലൈലത്തുൽ ഖദ്ർ റമദാനിലെ അവസാനത്തെ പത്തു രാവുകളിലാകുന്നു. ഒരുവൻ അതിലെ പുണ്യം കാംക്ഷിച്ചുകൊണ്ട് ഇബാദത്തിനായി നിന്നാൽ അല്ലാഹു അവന്റെ മുമ്പത്തെയും പിന്നത്തെയും പാപങ്ങൾ പൊറുത്തുകൊടുക്കുന്നതാണ്'' (അഹ്മദ്). ''നിശ്ചയം എന്റെ സമുദായത്തിന് അല്ലാഹു പാരിതോഷികമായി നൽകിയതാണ് ലൈലത്തുൽ ഖദ്ർ. നിങ്ങൾക്ക് മുമ്പുള്ള സമൂഹങ്ങൾക്ക് അത് നൽകിയിരുന്നില്ല'' (ദൈലമി). ''വിധിനിർണയ രാവിൽ ജിബ്‌രീലും മലക്കുകളും വൻ സംഘത്തോടൊപ്പം ഭൂമിയിലേക്ക് ഇറങ്ങിവരും. ആ രാത്രിയിൽ നിന്നും ഇരുന്നും ദൈവസ്മരണയിൽ മുഴുകിക്കൊണ്ടിരിക്കുന്ന് ഓരോ വിശ്വാസിക്കുവേണ്ടിയും അവർ പ്രാർഥിക്കും'' (ബൈഹഖി). അന്ന് ഭൂമിയിലേക്ക് ഇറങ്ങിവരുന്ന മലക്കുകളുടെ എണ്ണം മണൽതരികളേക്കാളും കൂടുതലായിരിക്കും. വാനലോകത്തു നിന്നിറങ്ങുന്ന മലക്കുകളുടെ സാന്നിധ്യത്താൽ ഭൂമിയിൽ ഇടുക്കം അനുഭവപ്പെടും.

ലൈലത്തുൽ ഖദ്ർ രാവു മുതൽ 'സുപ്രഭാതം വരെ സമാധാനവും സുരക്ഷയുമുണ്ടായിരിക്കും. പ്രഭാതോദയം വരെ അത് സമാധാനമാകുന്നു.' സമാധാനത്തിലേക്കും സ്നേഹത്തിലേക്കും സൗഹൃദത്തിലേക്കും കാരുണ്യത്തിലേക്കും പകയും വിദ്വേഷവുമില്ലാത്ത ഒരു ലോകത്തേക്കുമുള്ള ക്ഷണമാണിത്.

ലൈലത്തുൽ ഖദ്ർ റമദാൻ മാസത്തിലെ അവസാന പത്തു നാളുകളിലെ ഒറ്റയായ ദിവസങ്ങളിലാകുന്നു. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: ''റമദാനിന്റെ അവസാന പത്തിൽ നിങ്ങൾ ലൈലത്തുൽ ഖദ്‌റിനെ പ്രതീക്ഷിക്കുക. അവശേഷിക്കുന്ന ഒമ്പതാം രാവിലും ഏഴാം രാവിലും അഞ്ചാം രാവിലും അതുണ്ടായേക്കാം'' (ബുഖാരി). റമദാൻ അവസാന പത്തിൽ നബി (സ) കൂടുതൽ ഇബാദത്തുകളിൽ മുഴുകി. സഹധർമിണിമാരെയും കുടുംബാംഗങ്ങളെയും അക്കാര്യത്തിൽ ഉദ്ബോധിപ്പിച്ചു. ആഇശ (റ) ചോദിച്ചു. പ്രവാചകരേ, ലൈലത്തുൽ ഖദ്ർ ഏതാണെന്ന് ഞാനറിയുന്ന പക്ഷം അതിൽ എന്താണ് പറയേണ്ടത്? നബി (സ) പറഞ്ഞു. ''അല്ലാഹുവേ, നീ മാപ്പ് നൽകുന്നവനാണ്. മാപ്പ് നീ ഇഷ്ടപ്പെടുന്നു. നീ എനിക്ക് മാപ്പ് നൽകേണമേ എന്ന് പ്രാർഥിച്ചുകൊള്ളുക'' (മുസ്‌ലിം) വിശ്വാസിക്ക് തന്റെ നാഥനോട് ചോദിക്കാവുന്നതിൽ വച്ചേറ്റവും ഉത്തമമായതാണ് മാപ്പും വിട്ടുവീഴ്ചയും.

ലൈലത്തുൽ ഖദ്‌റിന്റെ നന്മ നഷ്ടപ്പെടുന്നവന് സർവനന്മകളും നഷ്ടപ്പെടുന്നു. ദൗർഭാഗ്യവാന്ന് മാത്രമേ അതിന്റെ അനുഗ്രഹം തടയപ്പെടുകയുള്ളൂ. കാരണം ആ രാത്രി പാഴാക്കുന്നവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തടയുകയാണ് ചെയ്യുന്നത്. അല്ലാഹു കനിഞ്ഞരുളിയ സുവർണാവസരം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ അവൻ പരിശ്രമിച്ചില്ല. ലൈലത്തുൽ ഖദ്ർ രാവ് ഉറങ്ങിയും വെറുതെ സംസാരിച്ചും കളിവിനോദങ്ങളിൽ മുഴുകിയും വൃഥാ പാഴാക്കിക്കളയുന്നവർ മഹാനഷ്ടത്തിലാണ്. ●